പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1181 12.07.2016-ലെ മറുപടിയ്ക്ക്

## കെ.എസ്.ആർ.ടി.സി ക്കുണ്ടായ നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>" കെ. രാജൻ<br>" എൽദോ എബ്രഹാം<br>ശ്രീമതി. സി. കെ. ആശ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2004 മുതൽ 2016 വരെ കെ.എസ്. ആർ.ടി.സി യ്കുണ്ടായ മൊത്തം നഷ്ടം എത്രയാണെന്നും ഈ കാലയളവിൽ ഓരോ വർഷവും ഉണ്ടായ നഷ്ടം എത്ര വീതമാണെന്ന് വർഷം തിരിച്ച് പ്രത്യേകം വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി യുടെ വാർഷിക കണക്കനുസരിച്ച് 2004-05 മുതലുള്ള നഷ്ടം കോടി രൂപയിൽ<br>2004-05 - 150.07<br>2005-06 - 195.84<br>2006-07 - 159.40<br>2007-08* - നഷ്ടം ഇല്ല.<br>2008-09 - 114.42<br>2009-10 - 237.95<br>2010-11 - 381.62<br>2011-12 - 414.79<br>2012-13 - 508.22<br>2013-14 - 583.90**<br>2014-15 - 621.28**<br>2015-16 - 613.14**<br>2004 മുതൽ 2016 വരെയുള്ള നഷ്ടം 4844.21 കോടി രൂപ.<br>*2007-08 - 408.62 കോടി രൂപ ലാഭം (സർക്കാരിന് നൽകേണ്ട കുടിശ്ശിക 569.31 കോടി രൂപ എഴുതിതള്ളിയതിനാലാണ് ടി വർഷം ലാഭം ഉണ്ടായത്)<br>**താൽക്കാലിക കണക്ക്. |
| (ബി) | ഈ സ്ഥാപനം നഷ്ടത്തിലാകാനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | പഠനം നടത്തിയിട്ടുണ്ട്.<br>വിശദമായ കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | മികച്ച സഞ്ചാര സുഖമുള്ള ബസ്സുകൾ നിരത്തിലിറക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് യാത്രാ ബസ്സുകളിൽ വരുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ദീർഘദൂര യാത്രക്കാർക്കായി കൂടുതൽ സുഖപ്രദമായ യാത്ര പ്രദാനം ചെയ്യുന്ന 10 മൾട്ടി ആക്സിൽ വോൾവോ ബസുകളും 18 മൾട്ടി ആക്സിൽ സ്കാനിയ ബസുകളും കെ.എസ്.ആർ.ടി.സിയ്ക്ക് നിലവിലുണ്ട്. കൂടുതൽ യാത്രക്കാർ ഇത്തരം സർവ്വീസുകളെ ആശ്രയിക്കുന്നതായി കാണുന്നു. സാമ്പത്തിക സഹായം ലഭ്യമാകുന്ന മുറയ്ക്ക് ഇത്തരത്തിലുള്ള കൂടുതൽ ബസുകൾ നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | അടിയന്തരമായി നിരത്തുകളിൽ നിന്നും പിൻവലിക്കേണ്ട എത്ര ബസ്സുകൾ കെ.എസ്.ആർ.ടി.സി. യ്ക്ക് ഉണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | കെ.എസ്.ആർ.ടി.സിയിൽ പതിമൂന്നു വർഷത്തിനുമേൽ പഴക്കമുള്ള അടിയന്തരമായി പിൻവലിക്കേണ്ട 80 ബസ്സുകൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1181 (ബി) പിരിവിന്റെ പഠന റിപ്പോർട്ടിന്റെ വിശദീകരണകുറിപ്പ്.

- 2003-ലെ സർക്കാരിന്റെ ഉന്നതാധികാരസമിതിയുടെ പഠനം.

  2003-ൽ സർക്കാരിന്റെ ഒരു ഉന്നതാധികാര സമിതിയെ കെ.എസ്.ആർ.ടി.സി. യുടെ നഷ്ടത്തെപ്പറ്റി അന്വേഷിക്കുവാൻ ചുമതലപ്പെടുത്തുകയും അതനുസരിച്ച് പ്രസ്തുത സമിതി വിശദമായ പഠനം നടത്തുകയും 32 നിർദ്ദേശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും അതിൻ പ്രകാരം കെ.എസ്.ആർ.ടി.സി. യെ നിലനിർത്താൻ ബഡ്ജറ്റിൽ തുക വക കൊള്ളിക്കണം എന്ന നിർദ്ദേശം ഒഴികെ ബാക്കിയെല്ലാം GO(Rt)No.174/2003/Tran. തീയതി 05.05.2003 പ്രകാരം അംഗീകരിക്കുകയും ചെയ്യുകയുണ്ടായി.

- ഉന്നതാധികാര സമിതിയുടെ 28 നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കൂടുതൽ വിശദമായ പഠനത്തിനായി CRISIL എന്ന ഒരു ഏജൻസിയെ നിയോഗിക്കുകയും ചെയ്തു.

- CRISIL- ന്റെ പഠന റിപ്പോർട്ടിൻ മേൽ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലാത്തതുമാകുന്നു.

- 2006-ൽ ശ്രീ. സുശീൽ ഖന്ന എന്ന ഒരു സാമ്പത്തിക വിദഗ്ധനെക്കൊണ്ട് കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽ നിന്നും കരകയറ്റാനുള്ള പഠനം നടത്തിയിരുന്നു. പക്ഷേ ടിയാന്റെ നിർദ്ദേശങ്ങളും പിന്നീട് നടപ്പിലാക്കിയിട്ടില്ല.

- 2008-ൽ അന്നത്തെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ശ്രീ. റ്റി.പി. സെൻകുമാർ, ഐ.പി.എസ്. കെ.എസ്.ആർ.ടി.സി.യെ നിലനിർത്താനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും പ്രസ്തുത നിർദ്ദേശങ്ങൾക്ക് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അംഗീകാരം നൽകുകയും കാബിനറ്റിന്റെ സബ് കമ്മിറ്റിയെ നിയോഗിച്ച് ഒരു പുനരുദ്ധാരണ പാക്കേജ് ഉണ്ടാക്കുവാൻ അന്നത്തെ സർക്കാർ തീരുമാനിക്കുകയും ചെയ്തു.

- 11 നിർദ്ദേശങ്ങളോട് കൂടിയ പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകുകയും അതിൽ മിക്കവാറും എല്ലാം കോർപ്പറേഷൻ നടപ്പിലാക്കുകയും ചെയ്തു.

- M/s.Varma & Varma എന്ന സ്ഥാപനത്തെ നിയോഗിച്ച് Turn Around Strategy കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾ നടത്തുകയും അതിന്റെ ഭാഗമായി 2014-ൽ ഒരു പുനരുദ്ധാരണ പാക്കേജ് ഉണ്ടാവുകയും ആയതിൽ പ്രധാന നിർദ്ദേശങ്ങളിലൊന്നായ കൂടുതൽ പലിശ നിരക്കിലും കുറഞ്ഞ കാലയളവിൽ ഉള്ളതുമായ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള 1300 കോടി രൂപയുടെ വായ്പ 9 വാണിജ്യ ബാങ്കുളുടെ കൺസോർഷ്യം രൂപീകരിച്ച് ലഭ്യമാക്കുകയും ആയത് കെ.റ്റി.ഡി.എഫ്.സി.യിൽ അടച്ച് തീർക്കുകയും ചെയ്തു കഴിഞ്ഞു.

- പുനരുദ്ധാരണ പാക്കേജിലെ മറ്റൊരു പ്രധാന വിഷയം പ്രതിമാസ പെൻഷൻ വിതരണം സുഗമമാക്കുക എന്നുള്ളതായിരുന്നു. അതനുസരിച്ച് സർക്കാർ യാത്രാ ടിക്കറ്റിന്മേൽ സെസ്സ് ഏർപ്പെടുത്തുകയും 20 കോടി രൂപ സർക്കാർ വായ്പയായി പ്രതിമാസം കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകി വരുകയും ചെയ്യുന്നു.

- കൂടുതൽ ജീവനക്കാർ പെൻഷൻപറ്റി പിരിയുകയും പെൻഷൻകാർക്കും ജീവനക്കാർക്കും ക്ഷാമബത്ത /ക്ഷാമാശ്വാസ കുടിശ്ശിക നൽകുകയും ചെയ്തതുവഴി വീണ്ടും ചെലവുകൾ വർദ്ധിക്കുകയും, വരുമാനവും ചെലവും തമ്മിലുള്ള അന്തരം കൂടുകയും പ്രതിമാസ ചെലവിനായി വീണ്ടും 85 കോടിയോളം അധികം കണ്ടെത്തുവാനുള്ള അവസ്ഥയിൽ എത്തി നിൽക്കുകയുമാണ്.

സെക്ഷൻ ഓഫീസർ